പതിമൂന്നാം കേരള നിയമസഭ

പതിനാലാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 5423** | **28.07.2015-ൽ മറുപടിക്ക്**

## സമഗ്ര നഗരവികസനം

| ചോദ്യം | | ഉത്തരം |
|---|---|---|
| **ശ്രീ. ജെയിംസ് മാത്യൂ** | | ശ്രീ. മഞ്ഞളാംകുഴി അലി<br>(നഗരകാര്യവും ന്യൂനപക്ഷക്ഷേമവും)<br>വകുപ്പു മന്ത്രി) |
| (എ) മിഷൻ 676-ൽ ഉൾപ്പെടുത്തി സമഗ്ര നഗര വികസനം ലക്ഷ്യം വച്ച് ഏതൊക്കെ പദ്ധതികൾ പൂർത്തിയാക്കിയെന്ന് വ്യക്തമാക്കാമോ ? | (എ) | മിഷൻ 676ൽ ഉൾപ്പെടുത്തിയിരുന്നതും നിലവിൽ പൂർത്തിയായിട്ടുള്ളതുമായ പദ്ധതികൾ താഴെപ്പറയുന്നു.<br><br>1. കൊല്ലം കുടിവെള്ള പദ്ധതി – അടങ്കൽ 5.25 കോടി (എഡിബി പദ്ധതി)<br>2. തൃശ്ശൂർ കുടിവെള്ള പദ്ധതി – അടങ്കൽ 23.74 കോടി (എഡിബി പദ്ധതി)<br>3. കൊല്ലം ചിന്നക്കട അണ്ടർപാസ് – അടങ്കൽ 6.56 കോടി (എഡിബി പദ്ധതി)<br>4. മലപ്പുറം കുടിവെള്ള പദ്ധതി – അടങ്കൽ 19.76 കോടി (യു.ഐ.ഡി.എസ്.എസ്.എം.റ്റി പദ്ധതി)<br>5. പെരിന്തൽമണ്ണ കുടിവെള്ള പദ്ധതി – അടങ്കൽ 8.11 കോടി (യു.ഐ.ഡി.എസ്.എസ്.എം.റ്റി പദ്ധതി)<br>6. കൊച്ചി ബ്രഹ്മപുരം സെപ്റ്റേജ് ട്രീറ്റ്മെന്റ് പ്ലാന്റ് – അടങ്കൽ 4.14 കോടി ( സംസ്ഥാന പദ്ധതി ) |
| (ബി) പദ്ധതികൾ സമയബന്ധിതമായി നടപ്പിലാക്കാൻ കഴിഞ്ഞോയെന്നും ഇല്ലെങ്കിൽ അതിന്റെ കാരണവും വ്യക്തമാക്കാമോ ? | (ബി) | മിക്ക പദ്ധതികളും സമയബന്ധിതമായി നടപ്പിലാക്കാൻ കഴിഞ്ഞിട്ടുണ്ട്. |

(സി) ഇപ്പോൾ ഏതൊക്കെ നഗരവികസന പദ്ധതികളാണ് മിഷൻ 676 പ്രകാരം പുരോഗമിച്ചുകൊണ്ടിരിക്കുന്നതെന്ന് വിശദമാക്കാമോ ?

(സി) മിഷൻ 676 ൽ ഉൾപ്പെടുത്തിയിട്ടുളളതും നിലവിൽ നടന്നുവരുന്നതുമായ പദ്ധതികൾ താഴെപ്പറയുന്നു.

*കുടിവെളള പദ്ധതികൾ*

1. 250 കോടി രൂപ ചെലവിൽ കൊച്ചിയിൽ 100 ദശലക്ഷം ലിറ്റർ പ്രതിദിന ശേഷിയുളള കുടിവെളള പദ്ധതി ( ജെ.എൻ.എൻ.യുആർ.എം. പദ്ധതി )

2. തിരുവല്ല (6.27 കോടി), ചങ്ങനാശ്ശേരി (3.91 കോടി) ചാവക്കാട്- ഗുരുവായൂർ (50.44 കോടി -സംയുക്ത പദ്ധതി) ആലപ്പുഴ (110 കോടി), ഒറ്റപ്പാലം (30 കോടി),കൽപ്പറ്റ (32.17 കോടി) എന്നീ മുനിസിപ്പാലിറ്റികളിലെ കുടിവെളള പദ്ധതികൾ (യു.ഐ.ഡി.എസ്.എസ്.എം.ടി പദ്ധതി.)

*മാലിന്യ സംസ്ക്കരണ പദ്ധതികൾ*

1. കൊച്ചിൻ പോർട്ട് ട്രസ്റ്റ്, പാലക്കാട് എന്നിവിടങ്ങളിലെപാക്കേജ് സെപ്റ്റേജ് ട്രീറ്റ്മെന്റ് പ്ലാന്റുകൾ (8.28 കോടി -സംസ്ഥാന പദ്ധതി)

2. 40 കോടി രൂപ ചെലവിൽ തമ്പാനൂർ പഴവങ്ങാടി സ്റ്റോം വാട്ടർ ഡ്രെയിനേജ് പദ്ധതി (ജെ.എൻ.എൻ.യുആർ.എം. പദ്ധതി)

3. 14.15 കോടി രൂപ ചെലവിൽ കോഴിക്കോട് ഡ്രെയിനേജ് നവീകരണ പദ്ധതി (കെ.എസ്.യു.ഡി.പി പദ്ധതി)

4. സ്റ്റോം വാട്ടർ ഡ്രെയിനേജ് പദ്ധതികൾ- കൊല്ലം (8.39 കോടി രൂപ) തൃശ്ശൂർ (23.72 കോടി രൂപ) (കെ.എസ്.യു.ഡി.പി പദ്ധതി )

5. 63.85 കോടി രൂപ ചെലവിൽ കോഴിക്കോട് സ്വീവേജ് പദ്ധതി (കെ.എസ്.യു.ഡി.പി പദ്ധതി)

6. 14.66 കോടി രൂപ അടങ്കലുള്ള മലപ്പുറത്ത് ഖരമാലിന്യ സംസ്കരണ പദ്ധതിയ്ക്ക് തുടക്കം കുറിയ്ക്കൽ (യു.ഐ.ഡി.എസ്. എസ്.എം.റ്റി - ട്രാൻസിഷൻ ഫെയ്സ് പദ്ധതി )

7. 5.22 കോടി രൂപ ചെലവിൽ പെരിന്തൽമണ്ണയിൽ ഖരമാലിന്യ സംസ്കരണ പദ്ധതി (യു.ഐ.ഡി. എസ്.എസ്.എം.റ്റി –പദ്ധതി )

8. 3.06 കോടി രൂപ ചെലവിൽ ആറ്റിങ്ങലിൽ ഖരമാലിന്യ സംസ്കരണ പദ്ധതി (യു.ഐ.ഡി. എസ്.എസ്.എം.റ്റിപദ്ധതി )

*ഇ-ഗവേണൻസ് പദ്ധതി*

1. 8.70 കോടി രൂപ ചെലവിൽ കൊച്ചി നഗരസഭയിൽ ഇ-ഗവേണൻസ് പദ്ധതി (ജെ.എൻ. എൻ.യു.ആർ.എം പദ്ധതി )

സെക്ഷൻ ഓഫീസർ